**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5476** **05-07-2024 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്പോർട്ട് കമ്മിഷണറുടെ സ്ക്വാഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങളുടെ രൂപമാറ്റം തടയാനും രൂപമാറ്റം വരുത്തിയ വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥരെ പിടികൂടാനും രൂപവൽക്കരിച്ച ട്രാൻസ്പോർട്ട് കമ്മിഷണറുടെ സ്ക്വാഡിന്റെ പ്രവർത്തനം നിശ്ചലമാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഗതാഗത കമ്മീഷണറുടെ വ്യത്യസ്ത തീയതികളിലെ ഉത്തരവുകൾ പ്രകാരം രൂപീകൃതമായ സ്ക്വാഡിന് താഴെ പറയുന്ന പ്രവൃത്തികളിൽ സൂപ്പർ ചെക്ക് നടത്താനുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്.<br>1. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള വാഹനങ്ങളെ സംബന്ധിച്ചുള്ള പരിശോധന.<br>2. ഡ്രൈവിംഗ് ടെസ്റ്റിന്റെ പരിശോധന.<br>3. വാഹന ഡീലർമാരുടെ പ്രവർത്തനത്തെ സംബന്ധിച്ച പരിശോധന.<br>4. ഡ്രൈവിംഗ് സ്കൂളുകളുടെ പരിശോധന.<br>5. വാഹന പുക പരിശോധന കേന്ദ്രങ്ങളുടെ പരിശോധന.<br>6. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്താനുള്ള പരിശോധന.<br>അതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്ക്വാഡ് നാളിതുവരെ കണ്ടെത്തിയ നിയമലംഘനങ്ങൾ എത്രയാണ്; എത്ര വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; രൂപമാറ്റം വരുത്തിയ വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സ്ക്വാഡ് നാളിതുവരെ കണ്ടെത്തിയ നിയമലംഘനങ്ങളെ സംബന്ധിച്ച വിവരം ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല. രൂപമാറ്റം വരുത്തിയ വാഹനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയതുമായി ബന്ധപ്പെട്ട് ഒരു ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ രീതിയിലുള്ള നിയമലംഘനങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | വാഹനങ്ങളുടെ രൂപമാറ്റം തടയാനും രൂപമാറ്റം വരുത്തിയ വാഹനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥരെ പിടികൂടാനും മാത്രമായി പ്രത്യേക സ്ക്വാഡ് നിലവിലില്ല. വിവിധ ഓഫീസുകളിൽ ജോലി ചെയ്ത് പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥരാണ് ഗതാഗത |

| | | | |
|---|---|---|---|
| | | | കമ്മീഷണറുടെ സ്ക്വാഡിലുള്ളത്. അതിലെ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ